**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ചക്രവർ സമുദായത്തെ സംസ്ഥാന എസ്.ഇ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (കൈ) നം.05/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 16.03.2020.

================================================================

പരാമർശം:- 1. സ.ഉ.(പി) നം.01/2015/പി.സ.വി.വ, തീയതി 01.01.2015.

2. പ്രവേശന പരീക്ഷാ കമ്മീഷണറുടെ 16.02.2019 -ലെ റ്റി.എ 1/356/2019/പ്ര.പ.ക. നമ്പർ കത്ത്.

3. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 07.01.2020 -ലെ 145/സി/2019/കെ.എസ്.സി.ബി.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചക്രവർ സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 60 ആയി സക്രവർ (കാവതി) -യോടൊപ്പം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ സമുദായം എസ്.ഇ.ബി.സി. പട്ടികയിൽ ക്രമ നമ്പർ 61 ആയ സക്രവർ (കാവതി) -യോടൊപ്പം ഉൾപ്പെട്ടിട്ടില്ല. ഇതുമൂലം ഈ സമുദായത്തിലെ കുട്ടികൾ പ്രൊഫഷണൽ കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിന് ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ചക്രവർ സമുദായത്തെ കൂടി കീം പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ എൻട്രൻസ് കമ്മീഷണറോട് ആവശ്യപ്പെട്ടു. കീം 2019 -ലെ പ്രോസ്പെക്ടസ് അംഗീകരിച്ച് കഴിഞ്ഞതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് പരാമർശം 2 -ലെ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശം 1 ഉത്തരവിലെ അനുബന്ധം II -ൽ ഇനം നം. 61 ആയി ഉൾപ്പെട്ടിട്ടുള്ള സക്രവർ (കാവതി) സമുദായത്തോടൊപ്പം "ചക്രവർ" വിഭാഗത്തെ കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

(.....2)

രജിസ്ട്രാർ, എല്ലാ യൂണിവേഴ്സിറ്റികളും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ് (04.03.2020 -ലെ ഇനം നം.3831 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതുവിദ്യാഭ്യാസ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ